# MATHRUBHUMI 12-09-2024

# 100 തീരദേശഗ്രാമങ്ങളെ കാലാവസ്ഥാ പ്രതിരോധശേഷിയുള്ളവയാക്കും

» കേരളത്തിലെ ഇരവിപുരം, തോട്ടപ്പള്ളി, അഴീക്കൽ, പുതുവൈപ്പിൻ, ഞാറക്കൽ, ചിലക്കൂർ ഗ്രാമങ്ങൾ പട്ടികയിൽ

» ഗ്രാമങ്ങൾക്ക് രണ്ടുകോടിവീതം സഹായധനം

» കൊച്ചി സിഫ്ടിൽ ഇൻകുബേഷൻ സെന്റർ

ന്യൂഡൽഹി ▸ കേരളത്തിലെ ആറ് ഗ്രാമങ്ങൾ ഉൾപ്പെടെ രാജ്യത്തെ 100 തീരദേശഗ്രാമങ്ങളെ കാലാവസ്ഥാ പ്രതിരോധശേഷിയുള്ളവയാക്കി വികസിപ്പിക്കാൻ കേന്ദ്രതീരുമാനം. കേരളത്തിലെ ഇരവിപുരം, തോട്ടപ്പള്ളി, അഴീക്കൽ, പുതുവൈപ്പിൻ, ഞാറക്കൽ, ചിലക്കൂർ എന്നീ തീരദേശ ഗ്രാമങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ ഗ്രാമങ്ങൾക്ക് രണ്ടുകോടിവീതം സഹായധനം ലഭിക്കും. കൊച്ചിയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്ട്) ഉൾപ്പെടെ മൂന്നുകേന്ദ്രങ്ങളെ ഫിഷറീസ് ഇൻകുബേഷൻ സെന്ററായും പ്രഖ്യാപിച്ചിട്ടുണ്ട്. ഡൽഹിയിൽ പ്രധാനമന്ത്രി മത്സ്യകിസാൻ സമ്പത്ത് സഹയോജനയും പദ്ധതിയുടെ പ്രധാനസംരംഭമായ നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോമും ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിങ്ങാണ് പ്രഖ്യാപനം നടത്തിയത്. ഇത്തരം ഗ്രാമങ്ങളിൽ പരിസ്ഥിതി സാഹചര്യങ്ങൾക്കനുസൃതമായി അടിസ്ഥാനസൗകര്യ വികസനവും സുസ്ഥിരമായ മത്സ്യബന്ധന പ്രവർത്തനങ്ങളും ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കും. ജീവനോപാധിനേടാനുള്ള പരിശീലനത്തിലൂടെ തദ്ദേശീയ സമൂഹങ്ങളെ ശാക്തീകരിക്കും. ചടങ്ങിൽ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യനും പങ്കെടുത്തു.